# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

02.07.2019-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 5726

## ഡയറി ഫാം സംരംഭകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് വകുപ്പുതലത്തിൽ നൽകുന്നത് എന്നറിയിക്കാമോ; | (എ) ക്ഷീരകർഷകർക്കായി നൽകുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.<br>• ഒരു പശു, രണ്ട് പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി അടങ്ങിയ ഡെയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള സഹായം<br>• കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള സഹായം<br>• കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം<br>• ചാഫ് കട്ടർ, വീൽ ബാരോ എന്നിവ വാങ്ങുന്നതിനുള്ള സഹായം<br>• ക്ഷീരകർഷകർക്ക് ആവശ്യമായ അവശ്യാധിഷ്ഠിത സഹായം<br>• തീറ്റപ്പുൽക്കൃഷി ചെയ്യുന്നതിനുള്ള സഹായം<br>• തീറ്റപ്പുൽക്കൃഷിയ്ക്ക് ജലസേചന സൗകര്യം ഒരുക്കുന്നതിനുള്ള കിണർ, മോട്ടോർ പമ്പ് എന്നിവ സ്ഥാപിക്കുന്നതിനുള്ള സഹായം<br>• മഴവെള്ളസംഭരണി സ്ഥാപിക്കുന്നതിനുള്ള സഹായം<br>• സമഗ്ര ഇൻഷുറൻസ് പദ്ധതി<br>• ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ്, ക്ഷീരകർഷക അവാർഡുകൾ എന്നിവയുള്ള സഹായം നൽകുന്നു. |

- ക്ഷീരവികസന വകുപ്പിന്റെയും തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും സഹായത്തോടെ ഭൂരിഭാഗം പഞ്ചായത്തുകളിലും ക്ഷീര കർഷകർ സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 4/- രൂപ വരെ മിൽക്ക് ഇൻസെന്റീവ് നൽകുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുത്ത് നിരവധി പദ്ധതികളും കർഷകർക്കായി നടപ്പിലാക്കുന്നു.

| | | | |
|---|---|---|---|
| (ബി) | അഞ്ചിൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകരെ ഡയറി ഫാം സംരംഭകരായാണോ പരിഗണിക്കുന്നതെന്നും ഇവർ ഏതെല്ലാം വകുപ്പുകളിൽ നിന്നാണ് അനുവാദം വാങ്ങേണ്ടതെന്നും അറിയിക്കാമോ; | (ബി) | ആറിൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് ആവശ്യമാണ്. |
| (സി) | ഡയറി ഫാം ആരംഭിക്കുന്നവർ വാങ്ങേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും ഇവർ വാങ്ങേണ്ടതുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (സി) | ആറിൽ കൂടുതൽ പശുക്കളെ വളർത്തുന്ന കർഷകർക്ക് ലൈസൻസ് നിർബന്ധമാണ്. |
| (ഡി) | സംസ്ഥാനത്തെ ക്ഷീരകർഷകരിൽ എത്ര പശുക്കളിൽ കൂടുതൽ വളർത്തുന്നവരെയാണ് ഡയറി ഫാം ഉടമകളായി കണക്കാക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ഡി) | ഫാമുകളായി തരം തിരിക്കുന്നതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**